**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6778** **04.04.2018 ൽ മറുപടിയ്ക്ക്**

**ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ നിർമ്മാണ നിരോധനം**

| **ചോദ്യം**<br>**ശ്രീ.പി.ജെ.ജോസഫ്** | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്, ആനവിരട്ടി, പള്ളിവാസൽ, വെള്ളത്തൂവൽ വില്ലേജുകളിലും ഉടുമ്പൻചോല താലൂക്കിലെ ആനവിലാസം, ശാന്തൻപാറ, ബൈസൺവാലി, ചിന്നക്കനാൽ വില്ലേജുകളിലും പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ നിർമ്മാണ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ബഹു. കേരള ഹൈക്കോടതിയുടെ WP(C)1801/2010, WP(C) 34095/2009 എന്നീ കേസുകളിലെ 21/01/2010-ലെ ഇടക്കാലവിധി പ്രകാരം 8 വില്ലേജുകളിൽ കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | കുടിവെള്ള -വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ ഈ പഞ്ചായത്തിലുള്ള ജനങ്ങൾ ആർ.ഡി.ഒ യുടെ അനുമതി തേടണമെന്ന ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) മേൽ പ്രകാരമുള്ള നിർമ്മാണ നിയന്ത്രണത്തിന്റെ ഭാഗമായി ടി വില്ലേജുകളിൽ പുതിയ വൈദ്യുതി കണക്ഷന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി ആവശ്യമാണ്. |
| (സി) | ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തര നടപടികൾ കൈക്കൊള്ളുമോ;വ്യക്തമാക്കാമോ? | (സി) സ്വന്തം താമസത്തിനുള്ള വീടുകൾ നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സി-യ്ക്കായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കാനും അവയ്ക്ക് എൻ.ഒ.സി നൽകാനും ദേവികുളം സബ് കളക്ടറെ ചുമതലപ്പെടുത്തി അധികാരം നൽകിയിട്ടുള്ളതും ആയത് അനുവദിച്ച് വരുന്നതുമാണ്. വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ നിരസിക്കേണ്ടവ ദേവികുളം സബ് കളക്ടറുടെ ഓഫീസിൽ തന്നെ തീർപ്പാക്കണമെന്നും അനുമതിക്ക് ശുപാർശ ചെയ്യപ്പെടുന്നവ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി അപേക്ഷകളിൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ